# **Hannah** (ഹന്ന)



എഫ്രയീം മലനാട്ടിലെ എൽക്കാനാ എന്ന പുരുഷനായിരുന്നു ഹന്ന യുടെ ഭർത്താവ്. ആ കാലഘട്ടത്തിന്റെ ദോഷം എൽക്കാനയെയും ബാധി ച്ചതിനാൽ ദൈവ കല്പനയ്ക്ക് വിപരീതമായി അദ്ദേഹം ബഹു ഭാര്യാത്വം

സ്വീകരിച്ചു. ഹന്ന വന്ധ്യ ആയിരുന്നെങ്കിലും അവൻ അവളെ ഏറെ സ്നേഹിച്ചിരുന്നു. അസൂയയുടെയും അഹങ്കാരത്തിന്റെയും വിളനില മായ പെനിന്ന ആണ് എൽക്കാനയുടെ രണ്ടാം ഭാര്യയായി വന്നത്.അതോ ടുകൂടെ ആ കുടുംബത്തിലെ സ്വസ്ഥത നഷ്ടമായി. ആ പ്രതികൂലത്തിൽ, പ്രശ്നങ്ങളിൽ തളരാതെ , അവയെ അതിജീവിച്ച് "ലെബാനോനിലെ ദേവദാരു" പോലെ തലയുയർത്തിപ്പിടിച്ച് നില്ക്കുവാൻ കഴിഞ്ഞത് യഹോവയോടുള്ള അവളുടെ വിശ്വാസവും ആശ്രയവും മൂലമാണ്. അതി നാൽ അവളുടെ ജീവിതത്തെ ഒന്ന് പഠിക്കുന്നത് നന്നായിരിക്കും.

**(1) ദൈവീകപ്രസാദത്തിനായി കാത്തിരുന്നവൾ**

യഹോവയുമായുള്ള നിരന്തര ബന്ധം പുലർത്തുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്ന ഒരു വ്യക്തിയാണ് ഹന്ന. ഒരു ചുമതല ഏല്പിക്കുവാൻ ദൈവം കണ്ടെത്തിയ വ്യക്തിയെ ചുമതല ഏല്പിക്കും മുൻപുതന്നെ അവരെ ദൈവം ഒരുക്കി എടുക്കുന്നതിന് ഉദാഹരണമാണ് മോശ, ദാവീദ് തുടങ്ങിയവർ. യിസ്രയേലിന് ദൈവത്തിന്റെ മുഖ്യപ്രവാചക, പൗരോഹിത്യ പ്രതിനിധി ആകേണ്ട ഒരു പൈതലിന്റെ മാതാവ് എന്ന പദവി ലഭിക്കേണ്ട വൾ പഠിക്കേണ്ട പാഠങ്ങൾ പഠിപ്പിക്കുവാനായിരുന്നു ചില പ്രതികൂലങ്ങ ളിൽ കൂടി അവളെ കടത്തിവിട്ടത്. അതായത് ശമുവേലിന്റെ മാതാവാകു വാനായി ദൈവം അവളെ ഒരുക്കുകയായിരുന്നു.

നമ്മെ വ്രണപ്പെടുത്തുന്ന സാഹചര്യങ്ങൾ ജീവിതത്തിൽ വരുമ്പോൾ ആ പ്രതികൂലതയെ ദൈവമുമ്പാകെ ഏല്പിച്ച് അവന്റെ സമയത്തിനായി കാത്തിരുന്നാൽ മതി. നിങ്ങൾ എന്നെ കേൾക്കുമ്പോഴും, ഞാൻ എഴുതി യത് വായിക്കുമ്പോഴും എന്റെ ദൈവത്തെ ഞാൻ എത്ര സ്തുതിച്ചാലും

മതിയാകുകയില്ല. ഈ പദ്ധതി എന്നെക്കൊണ്ട് ചെയ്യിക്കുവാൻ പരിഹാസം, ദുഷി, നിന്ദ, ആപത്ത്, രോഗം തുടങ്ങി എല്ലാ ക്ലാസുകളിലും കൂടി ദൈവം എന്നെ കടത്തിവിട്ടു. കർത്താവേ അങ്ങയുടെ വേലചെയ്യുവാൻ വളരെ താല്പര്യമാണെന്ന് ഞാൻ അപ്പച്ചനോട് പറഞ്ഞിരുന്നു. ഇന്ന് ഞാൻ അനുഭവിച്ച പ്രതികൂലങ്ങളും , അവയിൽ നിന്ന് എന്നെ രക്ഷിച്ച എന്റെ സ്വർഗ്ഗീയ അപ്പച്ചന്റെ സ്നേഹവും ഓർത്താൽ , കണ്ണുനീരോടെ സ്തോത്രം പാടി ഈ ജീവിതത്തെ അവനായി സമർപ്പിക്കുക എന്ന ഒരു വഴി മാത്രമേ എന്റെ മുമ്പിലുള്ളു.

## (2) പ്രാർത്ഥനയുടെ ശക്തി അനുഭവിച്ചവൾ

വേദപുസ്തകത്തിലെ പ്രാർത്ഥനകളിൽ ഏറ്റവും ഹൃദയസ്പർശി യായ ഒരു പ്രാർത്ഥനയാണ് ഹന്നയുടേത്. വിശ്വാസ ദൃഢത, ആത്മാ വിന്റെ നിറവ് ഇവ നമുക്ക് ആ പ്രാർത്ഥനയിൽ കാണുവാൻ കഴിയും. ഹൃദയം ദൈവ സന്നിധിയിൽ പകരുന്നതാണ് പ്രാർത്ഥന. ദൈവാലയത്തി ലെത്തി മനോവ്യസനത്തോടെ കരഞ്ഞു പ്രാർത്ഥിച്ചവൾ നാല് കാര്യങ്ങൾ യഹോവയോട് ആവശ്യപ്പെട്ടു -- (1ശമു:1:11) നോക്കുക. (1) അടിയന്റെ സങ്കടം നോക്കണം (2) അടിയനെ ഓർക്കേണം (3) അടിയനെ മറക്ക രുത് (4) അടിയന് ഒരു പുരുഷ പ്രജയെ ദാനമായി തന്നാൽ അവനെ ജീവപര്യന്തം അങ്ങേയ്ക്ക് നൽകും. അപേക്ഷിച്ചവൻ ഉപേക്ഷിക്കയില്ല എന്ന് അവൾ വിശ്വസിച്ചതിന്റെ അടയാളമാണ് "അവളുടെ മുഖം പിന്നെ വാടിയില്ല" എന്ന് വചനത്തിൽ കാണുന്നത് (1ശമു:1:18). വിശ്വസിച്ചവളുടെ അടുത്തപടി അത് അനുഭവിക്കുക എന്നതാണ്. ഇന്ന് പലരും പ്രാർത്ഥിക്കു ന്നുണ്ടെങ്കിലും സ്വന്തമാർഗ്ഗം കണ്ടുപിടിച്ചിട്ടാണ് പ്രാർത്ഥനാസ്ഥലത്തു

നിന്ന് എഴുന്നേല്ക്കുന്നത്. വിശ്വാസം പൂർണ്ണമാണെങ്കിലേ മുഖത്ത് മാറ്റം കാണുകയുള്ളൂ.

**(3)വാക്ക് പറയുകയും , പാലിക്കുകയും ചെയ്തവൾ**

യഹോവയ്ക്കായി പ്രത്യാശയോടെ കാത്തിരിക്കുന്നവർ ഒരിക്കലും ലജ്ജിതരാകേണ്ട ആവശ്യം ഉണ്ടാകുന്നില്ല. തനിക്ക് മകനെ ലഭിച്ചാൽ എന്തു ചെയ്യും എന്ന് തന്റെ മുൻപിൽ വിശ്വാസത്തോടെ പറഞ്ഞവളെ യഹോവ ഓർത്തു. അവൾ ചോദിച്ചത് നൽകി അവളുടെ നിന്ദമാറ്റി.

സ്വർഗ്ഗം പ്രശ്നം പരിഹരിച്ചു കഴിയുമ്പോൾ ദൈവത്തെ മറ ക്കുന്നവരാണ് പലരും. ഇവർ പറഞ്ഞ വാക്കുകൾ ദൈവം കേട്ടു എന്നു ള്ളത് തന്ത്രപൂർവ്വം അവർ മറന്ന് മനസാക്ഷിക്കുത്തില്ലാത്തവരായി കഴിയു ന്നു. എന്നാൽ ഹന്ന താൻ പറഞ്ഞതു പോലെ തന്നെ ചെയ്ത് ദൈവത്തെ മഹത്വപ്പെടുത്തി.

**(4) ആണ്ടുതോറും പുതിയ അങ്കികൾ നൽകുന്നവൾ**

ദൈവത്തോട് പറഞ്ഞത് താൻ ചെയ്തു എങ്കിലും പിന്നീടവൾ ചെയ്ത കാര്യമാണ് എന്നെ ഏറ്റവും ആകർഷിച്ചത്. 1 ശമു:(2:19). അവന് നൽകുന്ന അങ്കി വർഷത്തിലൊരിക്കൽ പോകും മുൻപേ വാങ്ങിയതല്ലായി രുന്നു. അവളുടെ കൈകൊണ്ട് ദിവസവും തുന്നി അടുത്തവർഷത്തേക്കു ള്ളത് അവന്റെ ശാരീരികമായ വളർച്ചയ്ക്കനുസരിച്ച് അവൾ ഉണ്ടാക്കി. അത് കയ്യിലെടുക്കുമ്പോഴെല്ലാം അവന്റെ ആത്മീയ വളർച്ചയ്ക്കായി അവൾ ദൈവത്തോടപേക്ഷിച്ചിരുന്നു.

അവളുടെ സ്നേഹവും പ്രാർത്ഥനയും കൊണ്ട് ആ അങ്കി അവൾ ഏറ്റവും ഭംഗിയുള്ളതാക്കി.

പ്രീയ സഹോദരങ്ങളെ, നിങ്ങൾ ഇപ്രകാരമുള്ള ഒരു നല്ല അമ്മയാകുക. മക്കൾ വളരുന്നതനുസരിച്ച് നിങ്ങളുടെ പ്രാർത്ഥനാസമയം കൂട്ടുവാൻ മറക്കരുത്. ശമുവേൽ ബാലൻ വളരുന്തോറും യഹോവയ്ക്കും , മനുഷ്യർക്കും പ്രീതിയുള്ളവനായി വളർന്നതുപോലെ നിങ്ങളുടെ മക്കളും അനുഗ്രഹിക്കപ്പെടുവാൻ ദൈവം കൃപ ചെയ്യട്ടെ.

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind